# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 216 06.01.2014-ൽ മറുപടിയ്ക്ക്

### <u>ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നേതാക്കളുടെ കൊലപാതകങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഏതെല്ലാം നേതാക്കൾ, കോൺഗ്രസ്സിന്റെ വിവിധ ഗ്രൂപ്പുകളുമായി ബന്ധമുള്ളതായി പറയപ്പെടുന്ന ക്രിമിനലുകളാൽ കൊല്ലപ്പെട്ടുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ തൃശ്ശൂർ സിറ്റി അയ്യന്തോൾ കോൺഗ്രസ്സ് മണ്ഡലം സെക്രട്ടറിയായിരുന്ന മധു ഈച്ചരത്തും ഇതേ ജില്ലയിലെതന്നെ കോൺഗ്രസ്സ് ന്യൂനപക്ഷ സെൽ ജില്ലാ കൺവീനർ ആയിരുന്ന ലാൽജി കൊള്ളന്നൂരുമാണ് കൊല്ലപ്പെട്ടിട്ടുള്ളത്. |
| ബി) കൊല്ലപ്പെട്ട കോൺഗ്രസ്സ് നേതാക്കളുടെയും കൊലപാതക കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ട കോൺഗ്രസ്സുകാരായ പ്രതികളുടെയും പേര് വിവരങ്ങൾ വെളിപ്പെടുത്താമോ ; | (ബി) തൃശ്ശൂർ സിറ്റി അയ്യന്തോൾ കോൺഗ്രസ്സ് മണ്ഡലം സെക്രട്ടറിയായിരുന്ന മധു ഈച്ചരത്തിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം 771/13 ആയി കേസ് രജിസ്റ്റർ ചെയ്യുകയും, ഈ കേസ്സിൽ പ്രേംജി കൊള്ളന്നൂരിനെയും പ്രവീണിനെയും പ്രതികളാണെന്നു കണ്ടു അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ലാൽജി കൊള്ളന്നൂരിന്റ വധവുമായി ബന്ധപ്പെട്ട് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1190/13 ആയി കേസ് രജിസ്റ്റർ ചെയ്യുകയും, ഇതിൽ കോൺഗ്രസ്സു കാരായ പ്രതികൾ ഉൾപ്പെട്ടിട്ടില്ലാത്തതുമാണ്. |
| സി) കൊലപാതകങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ഏതൊക്കെ; കേസന്വേഷണം ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ പ്രത്യേക സംഘങ്ങൾ രൂപീകരിച്ച് അന്വേഷിക്കുകയുണ്ടായി ; | (സി) മധു ഈച്ചരത്തിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം 771/13, ലാൽജി കൊള്ളന്നൂരിന്റ വധവുമായി ബന്ധപ്പെട്ട് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1190/13 ആയി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളുടെ അന്വേഷണ ഉദ്യോഗസ്ഥൻ , തൃശ്ശൂർ വെസ്റ്റ് സർക്കിൾ ഇൻസ്പെക്ടർ എ. രാമചന്ദ്രനാണ്. കേസ് അന്വേഷിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടില്ല. |

| | |
|---|---|
| ഡി) ഒരോ കേസുമായും ബന്ധപ്പെട്ട് ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എത്ര ; അവർ ആരൊക്കെ ; | (ഡി) രണ്ട് കേസിലും ഇനി ആരെയും അറസ്റ്റ് ചെയ്യാൻ ബാക്കിയില്ല. |
| ഇ) കൊല ചെയ്യപ്പെട്ട ആരുടെയെല്ലാം വീട്ടുകളിൽ ഏതെല്ലാം മന്ത്രിമാർ ഇതിനകം സന്ദർശനം നടത്തുകയുണ്ടായി ? | (ഇ) കൊലചെയ്യപ്പെട്ട മധു ഈച്ചരത്തിന്റെ വീട്ടിൽ ബഹു. സഹകരണവകുപ്പ് മന്ത്രി സി. എൻ. ബാലകൃഷ്ണൻ സന്ദർശനം നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ